"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്ന 2020 മാർച്ച് 31ന് വിരമിച്ച ജീവനക്കാരുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

**സ.ഉ.(സാധാ) നം.687/2020/ആ.കു.വ** തിരുവനന്തപുരം,തീയതി 01/04/2020

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.03.2020 തീയ്യതിയിലെ ഇ.ഡി (സി)-45/2020/ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

ലോകാരോഗ്യ സംഘടന മഹാമാരിയായി പ്രഖ്യാപിച്ച കോവിഡ്- 19 എന്ന പകർച്ചവ്യാധി കാരണം സംസ്ഥാനത്തും ആരോഗ്യമേഖലയിൽ ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ട്. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്ന വ്യക്തികൾക്കും ആശുപത്രികളിൽ ചികിത്സയിലുള്ള രോഗികൾക്കും തടസ്സം കൂടാതെ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, 2020 മാർച്ച് 31ന് വിരമിച്ച കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്ന ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി ഇവരെ വിടുതൽ ചെയ്യുതിന് ശേഷം അഡ്ഹോക് വ്യവസ്ഥയിൽ നിയമിക്കാൻ മേൽ പരാമർശിത കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ടായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതനുസരിച്ച് 2020 മാർച്ച് 31ന് വിരമിക്കുന്ന ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്ന ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി ഇവരെ വിടുതൽ ചെയ്യുതിന് ശേഷം, വിരമിക്കൽ മൂലമുണ്ടായ ഒഴിവുകളിലേക്ക് സ്ഥിര നിയമനം നടത്തുന്നതുവരേയോ അല്ലെങ്കിൽ പരമാവധി 3 മാസകാലയളവിലേക്കോ (ജൂൺ 30 വരെ) അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എന്.ആര്.ശ്രീലേഖ**

**അഡിഷണൽ സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ ) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

Scanned with CamScanner